LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചു. അതിന്റെ ചുവടുപിടിച്ച് രജിസ്ട്രാറും മൊറട്ടോറിയം സംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചിരുന്നു. നിലവിൽ കോവിഡ്-19 വ്യാപനം വീണ്ടും അതി രൂക്ഷമാകുകയും എല്ലാ മേഖലകളെയും അത് പൂർണ്ണമായി ബാധിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നയപരവും അനുകൂലവുമായ തീരുമാനം വരുന്നമുറയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ലോക്ക്ഡൗൺ കാലത്ത് ജപ്തി നടപടികൾ ഒരു വർഷത്തേയ്ക്ക് നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകുമോ: എങ്കിൽ വിശദാംശം നൽകുമോ?

നിലവിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

കെയർ ഹോം പദ്ധതി

249(263) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി 2091 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് അനുമതി നൽകിയത്. 14-7-2021 വരെ സംസ്ഥാനത്തൊട്ടാകെ 2067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 24 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി തുടരുന്നു. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	ആകെ വീടുകളുടെ എണ്ണം	കൈമാറിയ വീടുകളുടെ എണ്ണം	പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം
(1)	(2)	(3)	(4)	(5)
1	തിരുവനന്തപുരം	74	69	5
2	കൊല്ലം	42	42	0
3	പത്തനംതിട്ട	114	114	0

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
4	ആലപ്പുഴ	201	189	12
5	കോട്ടയം	83	83	0
6	ഇടുക്കി	213	213	0
7	എറണാകുളം	409	405	4
8	തൃശ്ശൂർ	503	501	2
9	പാലക്കാട്	206	206	0
10	മലപ്പുറം	90	90	0
11	കോഴിക്കോട്	45	44	1
12	വയനാട്	84	84	0
13	കണ്ണൂർ	20	20	0
14	കാസർഗോഡ്	7	7	0
	ആകെ	2091	2067	24

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകൾക്ക് എത്ര രൂപ വീതമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം നടത്തുന്നതിന് വീടൊന്നിന് 5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഈ തുകയിൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നുള്ള സഹായവും (ഉയർന്ന പ്രദേശങ്ങളിൽ- 1,01,900 രൂപയും നിരപ്പായ പ്രദേശങ്ങളിൽ 95,100 രൂപയും) ഉൾപ്പെടുന്നു. പദ്ധതിപ്രകാരം അനുവദിക്കുന്ന തുകയ്ക്കുപുറമേ ഗുണഭോക്താക്കൾ അവരുടെ വിഹിതം നിർമ്മാണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. സഹകാരികൾ, സന്നദ്ധ സംഘടനകൾ, സുമനസ്സുകൾ തുടങ്ങിയവർ പണമായും നിർമ്മാണ സാമഗ്രികളായും അനുവദിക്കുന്ന സംഭാവനകളും ടി പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്. ഭൂപ്രകൃതി,

LIBRARY ARCHIVES Kerala Legislative Assembly

മണ്ണിന്റെ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ധർ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച് ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുന്ന 82 വീടുകൾക്ക് അടിത്തറ ബലപ്പെടുത്തുന്നതിനായി 63,55,972 രൂപയും തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന 16 വീടുകൾക്ക് 7,00,800 രൂപയും ചേർത്ത് ആകെ 70,56,772 രൂപ അധിക ധനസഹായമായി അതത് ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

റിസ്ക് ഫണ്ട്, ക്ഷേമ വികസന പദ്ധതികൾ

250(264) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ 2021 മേയ് 31 വരെ റിസ്ക് ഫണ്ട്, ക്ഷേമ വികസന പദ്ധതികൾ പ്രകാരം ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എത്ര പേർക്ക് സാമ്പത്തിക സഹായം ലഭിച്ചുവെന്നും ആകെ എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 2016 ജൂൺ 1 മുതൽ 2021 മേയ് 31 വരെ റിസ്ക് ഫണ്ട് പദ്ധതിയിൽനിന്നും സാമ്പത്തിക സഹായമായി 278 പേർക്ക് ആകെ 1,20,69,587 രൂപ (ഒരു കോടി ഇരുപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി എൺപത്തി ഏഴ് രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം സാമ്പത്തിക സഹായം ലഭിച്ചവരുടെ പേരുവിവരങ്ങളും നല്കിയ തുകയും പഞ്ചായത്ത് തിരിച്ച് നൽകാമോ?

പ്രസ്തുത പദ്ധതികൾ പ്രകാരം സാമ്പത്തിക സഹായം ലഭിച്ചവരുടെ പേരു വിവരങ്ങളും നൽകിയ തുകയും പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

സഹകരണ മെമ്പർ റിലീഫ് പദ്ധതി

251(265) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മെമ്പർ റിലീഫ് പദ്ധതി പ്രകാരം ഏത് വിഭാഗത്തിൽപ്പെട്ട വർക്കാണ് സാമ്പത്തിക സഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്), ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ഓപ്പൺ ഹാർട്ട് സർജറി), പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ,

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.